## മെഴുകുതിരികൾ

കൂരിരുട്ടിൽ കരാള വക്ത്രങ്ങൾ-
തൻ വീചികളകറ്റുവാൻ,
മാനവ ഹൃദയത്തിൽ നവ-
ചൈതന്യ ദ്യുതി പരത്തുവാൻ,

ഉരുകി, ഉരുകി തെളിയുമെൻ-
ദീപ്തമാം മെഴുകുതിരികളേ;
പരകീയമാം തവ ജീവിതം,
എന്നിൽ പ്രഭ ചൊരിഞ്ഞിടട്ടെ.

ബോധമെന്നുള്ളിലപരാധത്തിൻ-
ഛായ തീർത്തിടും നിമേഷം,
കത്തിയെരിഞ്ഞടങ്ങുവാൻ വെമ്പും,
വർണ്ണ മയൂരിയാം താരകേ!

പിന്നിട്ട പാതയിൽ കാണട്ടെഞാൻ,
മൂകമാം മോഹഭംഗങ്ങളെ;
ഇന്നലെ ഞെട്ടറ്റു കൊഴിഞ്ഞുവീണോ-
രെന്റെ ദുഃഖ സത്യങ്ങളെ.

സ്വാർത്ഥമതികളന്യൂനം കെട്ടും-
സങ്കൽപം കൊണ്ടു സൗധങ്ങൾ,
നെയ്യുന്നൂ കസവു നൂലുകളാൽ-
തങ്കത്തിൻ കിനാവുകളെ.

വ്യർത്ഥമായ് പായുന്നു ഭൗതികമാം-
മോഹത്തിൻ പിന്നാലെയവർ,
ശ്രമിക്കുന്നു കൈത്തലത്തിലേന്താൻ-
പൗർണ്ണമി ചന്ദ്രനെയെന്നപോൽ.



ചിറകറ്റുവീഴുന്നു സ്വപ്നങ്ങൾ,
പാവം മാനുഷരിടറുന്നു,
മെഴുകുതിരി തൻ ജീവിതമർമ്മം-
അറിയാതെ മരിക്കുന്നു.

എരിഞ്ഞു തീരുംമുമ്പേ കത്തേണം,
നീ ഒരു തീപ്പന്തമായ്;
തുറക്കേണമനേകം കണ്ണുകൾ,
തപ്പിതടയുമീയിരുളിൽ.